ഉത്തരം

(എ&ബി) പന്തളം ക്ഷേത്രത്തെ ശബരിമലയുടെ പ്രധാന ഇടത്താവള മായി ദേവസ്വം ബോർഡ് പ്രഖ്യാപിക്കുകയും വേണ്ട സൗകര്യങ്ങൾ ഒരുക്കു കയും ചെയ്യുമെന്നറിയിച്ചിട്ടുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വാട്ടർടാങ്കും, ടോയ്ലറ്റ് സൗകര്യത്തിനായി വാട്ടർ ടാങ്കുകളും സ്ഥാപിക്കുമെന്നും വിശ്രമത്തിനായി 2 ഷെൽട്ടറുകൾ തുറക്കുമെന്നും ഇൻഫർമേഷൻ ഓഫീസ് സ്ഥാപിക്കുമെന്നും ക്യൂ നിൽക്കാൻ ബാരിക്കേടുകൾ സ്ഥാപിക്കുമെന്നും 30 ലാട്രിനുകളും 2 കുളിമുറികളും ഒരുക്കുമെന്നും അന്നദാനസൗകര്യമേർപ്പെ ടുത്തുമെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. പന്തളം കൊട്ടാരവും തിരുവാഭരണ ദർശന സ്ഥലവും ബോർഡിന്റെ അധീനതയിലില്ല. പന്തളം കൊട്ടാരം വകയാണ്. പന്തളം അയ്യപ്പക്ഷേത്രത്തിന്റെ മൊത്തം വികസനത്തിനായി 62 സെന്റ് സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) ദേവസ്വം ബോർഡ് മാസ്റ്റർ പ്ലാനിനായുള്ള നടപടി സ്വീകരിക്കുമെ ന്നറിയിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ ക്ഷേത്രത്തിലേക്കുവരുന്ന വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യം, കുളിമുറികൾ, കക്കൂസുകൾ, ശുദ്ധജലകിയോസ്കുകൾ വിരിവച്ച് ക്ഷേത്രത്തിൽ തങ്ങി ആരാധന നടത്താനുള്ള സൗകര്യങ്ങൾ എന്നിവയുണ്ടാകുമെന്നും ശബരിമല സീസണിലും മറ്റുമുള്ള ഭക്തജനത്തിരക്ക് ഉൾക്കൊള്ളാൻ കഴിയുംവിധം ക്ഷേത്രസമുച്ചയം ക്രമീകരിക്കുമെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

വടകര താലൂക്കിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേത്രങ്ങൾക്ക് സഹായം

234 (1705) ശ്രീ. എം. കെ. പ്രേമനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വടകര താലൂക്കിലെ എത്ര ക്ഷേത്രങ്ങൾക്ക് ഈ ഗവണ്മെന്റിന്റെ കാലത്ത് ദേവസ്വം ബോർഡ് സഹായം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ ക്ഷേത്രത്തിന്റെയും പേരും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വടകര താലൂക്കിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേത്രങ്ങൾക്ക് ഈ ഗവൺമെന്റിന്റെ കാലത്ത് ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിച്ച ക്ഷേത്രങ്ങളുടെ പേര്, അനുവദിച്ച വർഷം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly